**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2640** **06-10-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ നിലവിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | ചെന്നൈ-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെബിഐസി) ചെന്നൈ-ബാംഗ്ലൂരിന്റെ വിപുലീകരണമായ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി രണ്ട് നോഡുകളായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>**നോഡ് 1 -**<br><br>ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ (ഐഎംസി) പാലക്കാട്.<br><br>**നോഡ് 2 -**<br><br>ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) കൊച്ചി.<br><br>പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി പടിഞ്ഞാറ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് **3805** കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ **2024** ഓഗസ്റ്റ് **28** ന അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ **(**1137 ഏക്കർ**),** പുതുശ്ശേരി വെസ്റ്റ് **(**240 ഏക്കർ**),** കണ്ണമ്പ്ര (313 ഏക്കർ**)** പാലക്കാട് നോഡ് കെബിഐസിയുടെ കീഴിലുള്ള മൂന്ന് സ്ഥലങ്ങളായി വിഭജിച്ചിരിക്കുന്നു. ഐഎംസി കണ്ണമ്പ്രയ്ക്കും **2025** ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. ഈ പദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്പിവിക്ക് കൈമാറി. NICDC 104.50 കോടിയുടെ തുല്യ ഇക്വിറ്റി എസ്പിവിക്കും കൈമാറി. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി ഡെവലപ്പ്മെന്റിനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. കൂടാതെ, 2025 മെയ് മാസത്തിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് |

ക്ലസ്റ്ററുകൾ ഡെവലപ്പ്മെന്റിനായി ഇ.പി.സി ടെൻഡർ വിളിക്കുകയും, ജി.എസ്.ടി ഉൾപ്പടെ 1316 കോടി രൂപയുടെ ഇ.പി.സി കരാർ നല്കുകയും ചെയ്തു.

- ലാൻഡ് ആൻഡ് പ്രൊജക്റ്റ് സ്റ്റാറ്റസ്

പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു.

താഴെ പറയുന്ന അടിസ്ഥാന സൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ) വികസനത്തിനായി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതം പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

● റോഡുകൾ,

● ജലവിതരണം,

● സീവേജ്, മലിനജല പുനരുപയോഗ ശൃംഖല,

● ജല ശുദ്ധീകരണ പ്ലാന്റ്,

● സീവേജ് സംസ്കരണ പ്ലാന്റ്,

● മലിനജല സംസ്കരണ പ്ലാന്റ്,

● പവർ സപ്ലൈ സിസ്റ്റം,

● ഖരമാലിന്യ സംസ്കരണം,

● ലാൻഡ്സ്കേപ്പ് വർക്കുകൾ,

● ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക.

24 സെപ്റ്റംബർ 2025-ന് മേൽ അടിസ്ഥാന സൗകര്യങ്ങൾക്കായി ജി.എസ്.ടി ഉൾപ്പടെ 1316 കോടി രൂപയുടെ ഇ.പി.സി കരാർ നല്കുകയും ചെയ്തു.

(ബി) ഏതൊക്കെ തരം വ്യവസായങ്ങളാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) NICDIT തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം IMC പാലക്കാടിൽ താഴെ പറയുന്ന ഇൻഡസ്ട്രികൾ ആണ് വിഭാവന ചെയ്തിരിക്കുന്നത്.

| ക്രമ നമ്പർ | വ്യവസായങ്ങൾ | ഏക്കർ |
|---|---|---|
| 1 | ഫാർമസ്യൂട്ടിക്കൽ ഇൻഡസ്ട്രീസ് | 420 |
| 2 | ഹൈടെക് ഇൻഡസ്ട്രീസ് | 96.5 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>3</td><td>നോൺ മെറ്റാലിക് മിനറൽ ഇൻഡസ്ട്രീസ്</td><td>62.4</td></tr>
<tr><td>4</td><td>ടെക്സ്റ്റയിൽ ഇൻഡസ്ട്രീസ്</td><td>54.3</td></tr>
<tr><td>5</td><td>റീസൈക്ലിങ് ഇൻഡസ്ട്രീസ്</td><td>83.9</td></tr>
<tr><td>6</td><td>ഫുഡ് ആൻഡ് ബിവറേജസ്</td><td>171.18</td></tr>
<tr><td>7</td><td>ഫാബ്രിക്കേറ്റഡ് മെറ്റൽ പ്രോഡക്ടുകൾ</td><td>52.94</td></tr>
<tr><td>8</td><td>റബ്ബർ ആൻഡ് പ്ലാസ്റ്റിക്</td><td>30.67</td></tr>
</table>
IMC പാലക്കാടിനെ സ്കൂൾ, ഹോസ്പിറ്റൽ, താമസ സൗകര്യങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പൊതു സൗകര്യങ്ങളും ഉൾപ്പെടുത്തി ഒരു മികച്ച ടൗൺഷിപ്പായി മാറ്റുവാൻ ആണ് പദ്ധതിയിട്ടിരിക്കുന്നത്.
പരിസ്ഥിതിക്ക് പ്രാധാന്യം നൽകിയുള്ള സുസ്ഥിര വികസനപ്രവർത്തനങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രദേശത്തു തന്നെ ഗ്രീൻബെൽറ്റിനും ജലസംരക്ഷണത്തിനും ഭൂമി മാസ്റ്റർപ്ലാനിന്റെ ഭാഗമായി ഭൂമി നീക്കി വെച്ചിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സംസ്ഥാനത്ത് നിർമ്മിക്കുന്ന യൂണിറ്റി മാളിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?</td>
<td>(സി)</td>
<td>ദേശീയോദ്ഗ്രഥനവും, ഒരു ജില്ല ഒരു ഉൽപ്പന്നവും (One District One Product) എന്ന ആശയം പ്രൊമോട്ട് ചെയ്യുന്നതിനും പരമ്പരാഗത മേഖലയേയും ആർട്ടിസാൻമാരെയും ശാക്തീകരിക്കുന്നതിനായും വിഭാവനം ചെയ്തിട്ടുള്ള ഒരു പ്രൊജക്റ്റ് ആണ് യൂണിറ്റിമാൾ. കേന്ദ്ര ഗവൺമെന്റിന്റെ കാപ്പക്സ് സ്കീമിൽ ഉൾപ്പെടുത്തിയ ഈ പദ്ധതിയുടെ ആകെ ചിലവ് 120 കോടി രൂപയാണ്. തിരുവനന്തപുരത്ത് പള്ളിപ്പുറത്ത് രണ്ടര ഏക്കർ സ്ഥലത്താണ് സ്ഥാപിക്കുന്നത്. കേരളത്തിലെ ജി.ഐ ടാഗ്ഗ്ഡ് ഉൽപ്പന്നങ്ങൾക്കും ODOP ഉൽപ്പന്നങ്ങൾക്കും പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾക്കും മുന്നേറ്റം നടത്തുന്നതിനും ഈ പദ്ധതി സഹായകരമാണ്. കേന്ദ്ര സഹായത്തോടെ നിർമ്മിക്കുന്ന യൂണിറ്റി മാളിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ലഭിക്കും. പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ടൂറിസം പ്രോത്സാഹിപ്പിക്കാനുമൊക്കെ ലക്ഷ്യമിട്ടാണ് മാളിന്റെ നിർമ്മാണം. ഓരോ ജില്ലയുടേയും തനതായ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ജിഐ ടാഗ് ലഭിക്കും. വിശാലമായ റീട്ടെയിൽ ഔട്ട്ലെറ്റുകളും ആംഫി തിയേറ്ററും എക്സിബിഷൻ ഏരിയയുമൊക്കെ ഇതിൽ ഒരുക്കിയിട്ടുണ്ട്. ഒരു ജില്ല ഒരു ഉൽപ്പന്നം എന്ന ആശയത്തിലാകും സ്റ്റാളുകൾ പ്രവർത്തിക്കുക. ഉൽപ്പന്നങ്ങളിൽ വിവിധ ജില്ലകളിലെ കരകൗശല വസ്തുക്കൾ കൂടാതെ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | കാർഷികോൽപ്പന്നങ്ങൾ പഴങ്ങൾ, പച്ചക്കറികൾ എന്നിവയെല്ലാം ലഭിക്കും.<br><br>പ്രസ്തുത പ്രോജക്റ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുകയാണ്. പ്രോജക്ടിന്റെ സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ച് പാർട്ടീഷൻ വർക്കുകൾ പുരോഗമിക്കുകയുമാണ്. ഏകദേശം അറുപതു ശതമാനത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഫെബ്രുവരി 2026 അവസാന വാരത്തോടു കൂടി പ്രോജക്റ്റ് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ